**പതിനാലാം കേരള നിയമസഭ**

**പതിനെട്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2096** **11.02.2020 - ൽ മറുപടിയ്ക്ക്**

**ഹീമോഫീലിയ രോഗികൾക്കുള്ള സൗജന്യ ജീവൻരക്ഷാ മരുന്നുകൾ**

| **ചോദ്യം**<br>**ശ്രീ.സി. കെ. ശശീന്ദ്രൻ :** | **മറുപടി**<br>**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി)** |
|---|---|
| ഹീമോഫീലിയ രോഗികൾക്ക് സൗജന്യമായി ലഭിച്ചുകൊണ്ടിരുന്ന ജീവൻരക്ഷാ മരുന്നുകൾ നിലവിൽ ലഭ്യമാകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് രോഗികൾക്ക് ലഭ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ? | ഹീമോഫീലിയ രോഗികൾക്ക് സൗജന്യമായി ലഭിച്ചുകൊണ്ടിരിക്കുന്ന ജീവൻ രക്ഷാ മരുന്നുകളുടെ ലഭ്യതയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടായിട്ടുണ്ട്. കേരളത്തിലെമ്പാടും കാരുണ്യ ഫാർമസി മുഖേന ലഭിച്ചുകൊണ്ടിരിക്കുന്ന ഫാക്ടറുകളുടെ വിതരണം നിലവിൽ തടസ്സപ്പെട്ടിട്ടില്ല. ഹീമോഫീലിയ രോഗബാധിതരായ 1058 രോഗികൾക്ക് കാരുണ്യ ബനവലന്റ് ഫണ്ടിൽ ഉൾപ്പെടുത്തി ആന്റി ഹീമോഫിലിക് ഫാക്ടർ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് സംഭരിച്ച് വിതരണം ചെയ്യുന്നത്. തുടർ ചികിത്സാർത്ഥം പ്രതിമാസം ശരാശരി 4502 യൂണിറ്റ് ഫാക്ടർ VIII, 463 യൂണിറ്റ് ഫാക്ടർ-IX 680 യൂണിറ്റ് FEIBA എന്നിങ്ങനെയാണ് മരുന്നുകൾ ആവശ്യമായി വരുന്നത്. മറ്റ് രോഗാവസ്ഥകളിൽ നിന്നും വിഭിന്നമായി ചികിത്സയിൽ കഴിയുന്ന രോഗിയുടെ ശാരീരിക നിലയിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾക്ക് ആനുപാതികമായി അനന്യസാധാരണമായുണ്ടാകുന്ന അടിയന്തിര അത്യാഹിതങ്ങൾ (ആന്തരിക അവയവങ്ങൾ, സന്ധികൾ തലച്ചോർ എന്നിവിടങ്ങളിൽ ഉണ്ടാകുന്ന രക്തസ്രാവം) നിയന്ത്രണ വിധേയമാക്കാൻ മെഡിക്കൽ സർവീസസ് കോർപ്പറേഷന്റെ കരുതൽ ശേഖരത്തിനു കഴിയാതെ വരുന്നതും, പുതിയതായി കൂടുതൽ രോഗികൾ ഈ ഗണത്തിലേക്ക് ചേർക്കപ്പെടുന്നതും, തുടർ ചികിത്സയിലിരിക്കുന്ന രോഗിക്ക് ശസ്ത്രക്രിയ പോലുള്ള ചികിത്സ നൽകേണ്ടുന്ന അവസരങ്ങളിൽ അപ്രതീക്ഷിതമായി ഉണ്ടാകുന്ന കണക്കുകൂട്ടലുകൾക്കതീതമായ ആവശ്യകതയും, മരുന്നു കമ്പനിയുടെ ഭാഗത്തുനിന്നും മരുന്നു വിതരണവുമായി ബന്ധപ്പെട്ട കാലവിളംബവും കാരണം മരുന്നുകൾക്ക് അപൂർവ്വമായി നേരിയ ദൗർലഭ്യം നേരിട്ടിട്ടുണ്ട്. |

സെക്ഷൻ ആഫീസർ